(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രത്തിൽനിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) 2011 മുതൽ 2015 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ ഫണ്ടിൽനിന്നും എത്ര തുക വീതം വിനിയോഗിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ബ്ലോക്ക് പഞ്ചായത്തുകളുടെ 2014-15-ലെ പ്ലാൻ എക്സ്പെൻഡിച്ചർ

37 (1405) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ 2014-15-ലെ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയെന്ന് ശതമാനം ഉൾപ്പടെ വിശദമാക്കാമോ ;

(ബി) 2015-16 ലേക്കുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ വികസന ഫണ്ടിനത്തിൽ ആകെ ലഭ്യമായ 67716.31 ലക്ഷം രൂപയിൽ 56738.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ ലഭ്യമായ ഫണ്ടിന്റെ 83.79 ശതമാനമാണ്.

(ബി) 2015-16-ലേയ്ക്കുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന് 10-11-2014-ലെ സ.ഉ.(സാധാ) 2922/14/ത.സ്വ.ഭ.വ. പ്രകാരം സമയക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ചിട്ടുള്ള 2015-16-ലെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി ജില്ലാ ആസൂത്രണ സമിതികൾ ചേരുന്നതിനുള്ള സമയപരിധി 2015 ജൂലൈ 10 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly